


# ഈ പീപ്പി നല്ലതാണെങ്കിൽ എല്ലാ കുട്ടികളും ഊതട്ടെ

മീഡിയാമേറ്റ്

ഡി.പി.ഇ.പി. എന്നു വച്ചാൽ ഡിസ്ട്രിക്ട് പ്രൈമറി എഡ്യൂക്കേഷൻ പ്രോഗ്രാം എന്നാണ് മുഴുവൻ പേര്. ജില്ലാതലത്തിൽ നടപ്പാക്കുന്ന പ്രാഥമിക വിദ്യാഭ്യാസ പരിപാടി എന്നർത്ഥം.

ഡി.പി.ഇ.പി. കേരളത്തിലെ സർക്കാർ നിയന്ത്രണത്തിനു കീഴിൽ വരുന്ന സ്കൂളുകളിൽ നടപ്പാക്കിയതിനെത്തുടർന്ന് പതുക്കെ ഉയർന്നുവന്ന എതിർപ്പുകൾ ഇന്നൊരു വലിയ വിവാദത്തിനും സംവാദത്തിനും വിഷയമായിരിക്കയാണ്. ഡി.പി.ഇ.പി. അനുകൂലികളും പ്രതികൂലികളും എന്ന് രണ്ടു തട്ടായി തിരിഞ്ഞുനിന്ന് സ്വന്തം വാദമുഖങ്ങൾ പ്രചരിപ്പിച്ചുകൊണ്ടിരിക്കുകയാണ് മലയാളികൾ. ഡി.പി.ഇ.പി.യുമായി ഒരു അധ്യയന വർഷംകൂടി കഴിഞ്ഞുപോയിഗിക്കുന്ന ഈ സമയത്ത് ഒരു പുനരാലോചന [illegible]

## ലോകബാങ്ക് സഹായം

ഡി.പി.ഇ.പി. ഒരു ലോകബാങ്ക് പദ്ധതിയാണ്. കേരളത്തിലെ ഡി.പി.ഇ.പി.യും ലോകബാങ്കുമായി യാതൊരു ബന്ധവുമില്ലെന്നുവരെ പറയുന്നുണ്ട് മന്ത്രിമാരുൾപ്പെടെയുള്ള ഡി.പി.ഇ.പി. പ്രചാരകർ. പക്ഷേ, ഇന്ത്യയിൽ ഡി.പി.ഇ.പി. നടപ്പാക്കാൻ ലോകബാങ്ക് കേന്ദ്രസർക്കാരിനെ ഏൽപിച്ചിരിക്കുന്ന ഗ്രാന്റ് തുകയിൽനിന്നും പങ്കുവാങ്ങിക്കൊണ്ടാണ് കേരളത്തിലും ഈ പദ്ധതി നടപ്പാക്കുന്നത്. എന്നുമാത്രമല്ല, എത്രയും വേഗം ഈ തുക കൈയിൽകിട്ടട്ടെ എന്ന ആർത്തിമൂലമാണ് യാതൊരു മുന്നൊരുക്കങ്ങളും കൂടാതെ ഡി.പി.ഇ.പി. ഇവിടെ നടപ്പാക്കാൻ കേരള സർക്കാർ പാടിപ്പുറപ്പെട്ടത് എന്നതാണ് സത്യം.

## ഉദ്ദേശ്യം

ഓരോ ജില്ലയിലും പ്രത്യേകം പ്രത്യേകമായി നടപ്പാക്കാവുന്ന ഒരു പഠനപദ്ധതിയാണ് ഡി.പി.ഇ.പി. ഓരോ പ്രദേശത്തെയും കുട്ടികളിൽ 25 ശതമാനം പേർക്കെങ്കിലും പ്രാഥമിക വിദ്യാഭ്യാസം നൽകുക എന്ന ലളിതമായ ഒരു ഉദ്ദേശ്യമേ ഡി.പി.ഇ.പി.ക്ക് ഉള്ളൂ. അതായത് സ്കൂളിൽ പോകേണ്ട കുട്ടികളിൽ 75 ശതമാനത്തിലേറെയും സ്കൂളിന്റെ പടികാണാത്ത, വിദ്യാഭ്യാസപരമായി തീരെ പിന്നോക്കം നിൽക്കുന്ന രാജ്യങ്ങളിലെ നിരക്ഷരപ്രദേശങ്ങളിൽ, നാലിലൊന്നു കുട്ടികളെയെങ്കിലും സാക്ഷരരാക്കുക എന്നതാണ് ഡി.പി.ഇ.പി.യുടെ ലക്ഷ്യം.

കുട്ടികൾക്കോ രക്ഷാകർത്താക്കൾക്കോ വിദ്യാഭ്യാസകാര്യത്തിൽ താത്പര്യമില്ലാത്ത മേഖലകളിലാണ് ഡി.പി.ഇ.പി. നടപ്പാക്കാനുദ്ദേശിക്കുന്നത് എന്നതുകൊണ്ട്, കുട്ടികളെ സ്കൂളിൽ ആകർഷിച്ചുവരുത്തുന്നതരത്തിലുള്ള, കളികൾക്ക് പ്രാമുഖ്യം നൽകുന്ന ഒരു പഠനരീതിയാണ് ഡി.പി.ഇ.പി.യിലൂടെ നടപ്പാക്കുന്നത്. ഡി.പി.ഇ.പി.യുടെ പരിമിതമായ ലക്ഷ്യം നേടാൻ ഈ രീതി അങ്ങേയറ്റം സഹായകരമാണ് എന്നതിൽ തർക്കമില്ല.

## കേരളത്തിൽ ആവശ്യമില്ല

പക്ഷേ, ഡി.പി.ഇ.പി.യുടെ ലക്ഷ്യമായ 25 ശതമാനം കുട്ടികളുടെ വിദ്യാഭ്യാസം ചുരുങ്ങിയത് 25 കൊല്ലം മുമ്പു തന്നെ നേടിയ സംസ്ഥാനമാണ് കേരളം. അഞ്ചിനും പത്തിനും ഇടയിൽ പ്രായമുള്ള കുട്ടികളിൽ 98 ശതമാനവും സ്കൂൾ വിദ്യാർഥികളായ കേരളത്തിൽ ഡി.പി.ഇ.പി. കൊണ്ടുവരേണ്ടതേ ഇല്ല. ഡി.പി.ഇ.പി.യുടെ കീഴിൽ കൊണ്ടുവരേണ്ട ഒരു ജില്ലയും കേരളത്തിലില്ല. നിരക്ഷരപ്രദേശത്തെ കുറച്ചുപേർക്കെ

ശേഷം 5-ാം പേജിൽ

# ഡി.പി.ഇ.പി....

ഒന്നാം പേജ് തുടർച്ച

ങ്കിലും പ്രാഥമിക വിദ്യാഭ്യാസമെത്തിക്കുവാൻ വേണ്ടി തയാറാക്കിയ പാഠ്യപദ്ധതി വിദ്യാഭ്യാസരംഗത്ത് ഏറെ മുന്നിൽനിൽക്കുന്ന കേരളത്തിൽ അതേപടി നടപ്പാക്കിയപ്പോൾ, കവുങ്ങിനും തെങ്ങിനും ഒരേ വലിപ്പമുള്ള തടം എടുത്തപോലെ, ഗുലുമാലായി.

കുട്ടികളുടെ ശേഷികൾ കണ്ടെത്താനും പ്രോത്സാഹിപ്പിക്കാനും ഒപ്പം അത്യാവശ്യം ഭാഷാജ്ഞാനവും ഗണിതജ്ഞാനവും പരിസരജ്ഞാനവും നൽകാനുമാണ് ഡി.പി.ഇ.പി. സഹായിക്കുന്നത്. പക്ഷേ, വിദ്യാഭ്യാസത്തെ തൊഴിൽനേടാനുള്ള മുന്നുപാധിയായി കണ്ട് മുന്നോട്ടുപോകുന്ന കേരളീയർക്ക് ഈ ശേഷിവികസന പാഠ്യപദ്ധതി ഗുണം ചെയ്യില്ല.

തികച്ചും ഡി.പി.ഇ.പി. രീതിയിൽ ഒന്നുമുതൽ അഞ്ചുവരെ പഠിപ്പിച്ച ഒരു കുട്ടിയേയും സാധാരണരീതിയിൽ അഞ്ചുവരെ പഠിപ്പിച്ച ഒരു കുട്ടിയേയും എടുത്താൽ അക്ഷരജ്ഞാനം, വ്യാകരണം, സവിശേഷ അറിവുകൾ ഇവയിലെല്ലാം ഡി.പി.ഇ.പി.ക്കാരൻ പുറകിൽതന്നെ ആയിരിക്കും.

ഇത്രയും പറഞ്ഞുവരുമ്പോഴേക്കും 'അതു ശരിയല്ല, നിങ്ങൾ പറഞ്ഞത് നുണയാണ്' എന്നു പറഞ്ഞെഴുന്നേൽക്കുന്ന ഡി.പി.ഇ.പി. അനുഭാവികളെ മനസിൽ കണ്ടുകൊണ്ട്, ചോദിക്കട്ടെ–

ഡി.പി.ഇ.പി. എല്ലാംകൊണ്ടും നന്നെങ്കിൽ ഉയർന്ന വിഭാഗക്കാരുടെ മക്കൾ പഠിക്കുന്ന ഇംഗ്ലീഷ് മീഡിയം സ്കൂളുകളിൽ ഇതു നടപ്പാക്കാത്തതെന്ത്?

ഇത്രയും നല്ലൊരു പരിപാടി ഞങ്ങളുടെ സ്കൂളിൽ നടപ്പാക്കാതെ സർക്കാർ സ്കൂളുകളിൽ മാത്രം നടപ്പാക്കിയതു ശരിയായില്ലെന്നു പറഞ്ഞ് ഒരൊറ്റ ഇംഗ്ലീഷ് മീഡിയക്കാരൻ പോലും ശബ്ദമുയർത്താതെന്ത്?

ഡി.പി.ഇ.പി. സ്കൂളുകളിൽ പഠിപ്പിക്കുന്ന പല അധ്യാപകരുടെയും അതുപോലെ ഡി.പി.ഇ.പി.യുടെ ഗുണഗണങ്ങൾ വർണിച്ച് ക്ലാസെടുക്കുകയും പ്രസംഗിക്കുകയും ചെയ്യുന്ന പലരുടെയും മക്കൾ ഇംഗ്ലീഷ് മീഡിയത്തിൽ പഠിക്കുന്നുണ്ട്. അവരെല്ലാം തങ്ങളുടെ കുട്ടികളെ ഡി.പി.ഇ.പി. സ്കൂളിലേക്ക് മാറ്റിപഠിപ്പിക്കാത്തതെന്ത്?

'നിങ്ങളുടെ പിള്ളേർക്ക് ഡി.പി.ഇ.പി. നന്നായി ചേരും; ഞങ്ങളുടെ മക്കൾക്കത് പറ്റില്ല' എന്നു പ്രഖ്യാപിക്കുന്ന ഈ ഡി.പി.ഇ.പി. സ്നേഹം, 'ആരാന്റമ്മയ്ക്കു ഭ്രാന്തുവന്നാൽ കാണാൻ നല്ല ചേല്' എന്നുപറഞ്ഞവന്റെ വികാരം തന്നെയല്ലേ?

കളിച്ചുകളിച്ച്, കുറേ ചെറുമക്കളുടെ ഭാവിയാണല്ലോ സഖാവേ നിങ്ങൾകൊണ്ട് ലോകബാങ്കിന് പണയം വച്ചത്!